# സ്ഥാപന-ഗ്രാമ-ബന്ധിത പരിപാടികളിലൂടെ കാർഷിക പങ്കാളിത്തവും, തീരദേശ ഗ്രാമവികസനവും - അനുഭവപാഠങ്ങൾ

1

ഡോ. ആർ. സത്യദാസ്, കെ. എൻ. ജയൻ, ഡോ. സിന്ധു സദാനന്ദൻ
കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം, കൊച്ചി - 18

കർഷക പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ശാസ്ത്രീയ കൃഷി രീതികൾ വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കിയിട്ടുണ്ട്. പരമ്പരാഗത കൃഷി രീതികൾ അവലംബിക്കുമ്പോൾ തന്നെ അവയിൽ ശാസ്ത്രീയ സാങ്കേതിക വിദ്യകൾ വഴി കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുകയും അതു വഴി കർഷക കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യുന്നു. മത്സ്യ മേഖലയെ സംബന്ധിച്ചിടത്തോളം വളരെയധികം വികസന സാദ്ധ്യതകൾ ഉണ്ടെങ്കിലും ദീർഘ വീക്ഷണത്തോടെയുള്ള കൃഷി രീതികളും മത്സ്യ ബന്ധനവും താരതമ്യേന കുറഞ്ഞു വരുന്നു. ഇന്ത്യയുടെ ആകെ മത്സ്യ ഉൽപാദനം 2000–2001 ആയപ്പോൾ 5.6 ദശലക്ഷം ടണ്ണായി എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ പ്രസ്തുത നീല വിപ്ലവം മത്സ്യകൃഷിയുടെ കാര്യത്തിൽ ഏഷ്യയിൽ രണ്ടാം സ്ഥാനം നേടിക്കൊടുത്തിട്ടുണ്ട്. മത്സ്യബന്ധനത്തിന്റെ കാര്യത്തിൽ ഇന്ത്യക്ക് ഏഷ്യൻ രാജ്യങ്ങളിൽ മൂന്നാം സ്ഥാനമാണുള്ളത് (NAAS 2001). ഹരിത വിപ്ലവത്തിലൂടെ ഭക്ഷണ ധാന്യ ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടിയ ഇന്ത്യ, പീത വിപ്ലവത്തിലൂടെ എണ്ണക്കുരു വ്യവസായത്തിലും അനിഷേധ്യമായ സ്ഥാനത്തിലേക്ക് മുന്നേറുകയാണ്. ഈ നേട്ടങ്ങളുടെ അടിസ്ഥാനമായ ദേശീയ കാർഷിക ഗവേഷണ സമ്പ്രദായത്തിലൂടെ (NARS)നടപ്പാക്കപ്പെടുന്ന സാങ്കേതിക വിദ്യയുടെ ഗവേഷണ ഫലങ്ങളുടെ ഉപയോഗം, ഏറിയ കൂറും സമ്പന്ന കർഷക വിഭാഗത്തിന്റെ കൈപ്പിടിയിലാകുകയും ഇത് ഒരു വൈകല്യ വികസനത്തിന് കാരണമാവുകയും ചെയ്യുന്നുണ്ട്. സമ്പന്നനും ദരിദ്രനും തമ്മിലുള്ള അന്തരം ഇതുമൂലം വർദ്ധിച്ചിട്ടുണ്ട്. ഈ പ്രശ്നം തരണം ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്. അതിനു വേണ്ടി താഴെത്തട്ടിലുള്ള ദരിദ്ര കർഷകരെ പുത്തൻ സാങ്കേതിക വിദ്യ കണ്ടെത്തുന്നതിനും, നടപ്പാക്കുന്നതിനും, ഫലപ്രാപ്തിയിലെത്തുന്നതിനും പങ്കാളികളാക്കണം. സമഗ്ര ഗ്രാമ വികസനം എന്ന ലക്ഷ്യത്തോടെയുള്ള വിവിധോദ്ദേശ്യ സ്ഥാപനങ്ങളുടെയും കർഷകരുടെയും കൂട്ടായ്മ ഇത്തരമൊരു വികസനവത്തിനും നാന്ദി കുറിക്കുന്നു. ഇതേ രീതിയാണ് സ്ഥാപന-ഗ്രാമ-ബന്ധിത-പരിപാടിയിലൂടെ കേന്ദ്രസർക്കാർ നടപ്പാക്കിയതും, ചെറുകിട ഇടത്തരം കർഷകരുടെയും സ്ത്രീ തൊഴിലാളികളുടെയും ദാരിദ്ര്യം ഉന്മൂലനം ചെയ്യുക, വേതന അസന്തുലിതാവസ്ഥ കുറയ്ക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ.

സാങ്കേതിക വിദ്യകളുടെ നിലവിലുള്ള രീതികൾ വിലയിരുത്തിയതിന് ശേഷം അതിന്റെ വികസന സാദ്ധ്യതകൾ മനസ്സിലാക്കുന്നു. ശാസ്ത്രീയത കൂട്ടിയിണക്കി പുതിയ തരത്തിൽ നടപ്പിൽ വരുത്തുന്ന കൃഷി ഉല്പാദനത്തിൽ പ്രകടമായ

വർദ്ധനവ് ഉണ്ടാക്കുകയാണെങ്കിൽ അതിനെ സംസ്ക്കരിച്ചെടുത്ത സാങ്കേതിക വിദ്യയായി കാണക്കാക്കുന്നു. ഇതേ പരിത:സ്ഥിതിയുള്ള മറ്റൊരു ഭൂപ്രദേശത്ത് പ്രസ്തുത സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഉല്പാദനവും, ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ സാധിക്കുന്നതാണ്.

സ്ഥാപന-ഗ്രാമ-ബന്ധിത-പരിപാടിക്ക് വേണ്ടി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം തിരഞ്ഞെടുത്തത് എളങ്കുന്നപ്പുഴ ഗ്രാമമാണ്. എറണാകുളം ജില്ലയിലെ വൈപ്പിൻ ദ്വീപിലാണ് ഈ ഗ്രാമം. വളരെ പ്രത്യേകതകൾ നിറഞ്ഞ പരിസ്ഥിതിയും, മത്സ്യ ബന്ധനത്തിന്റെയും മത്സ്യകൃഷിയുടേയും അനന്ത സാദ്ധ്യതകൾ, വിവിധങ്ങളായ കാർഷിക വിളകൾ, മൃഗസംരക്ഷണം എന്നിവ ഒരു സമഗ്ര വികസനത്തിനുള്ള തട്ടകം ഒരുക്കുന്നു. ഏകദേശം 88 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള വൈപ്പിൻ ദ്വീപ് ആറ് പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്നു. വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശപ്രകാരമാണ് എളങ്കുന്നപ്പുഴ ഗ്രാമം തിരഞ്ഞെടുത്തത്. മാറി വരുന്ന ജീവിത സാഹചര്യങ്ങൾക്ക് അനുസൃതമായി പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിലുള്ള സാങ്കേതിക വിദ്യകൾക്കാണ് പ്രാമുഖ്യം. തീരദേശ കാർഷിക പരിസ്ഥിതിക്ക് അനുയോജ്യമായ ഉൽപാദന ക്രമം മനസ്സിലാക്കുക, അവയുടെ സാങ്കേതിക ആവശ്യങ്ങൾ വിലയിരുത്തുക, അചഞ്ചലവും സുസ്ഥിരവുമായ പരിസ്ഥിതി വാദത്തിലൂന്നിയുള്ള ഉല്പാദന ക്രമം നടപ്പിലാക്കുക, സമൂഹത്തിന്റെ എല്ലാ തുറകളിലുള്ളവർക്കും, പ്രത്യേകിച്ച് സ്ത്രീകൾക്ക് പുതിയ തൊഴിലവസരങ്ങളും, അതുവഴി വരുമാന വർദ്ധനവും സൃഷ്ടിക്കുക, സംസ്ക്കരിച്ചെടുത്ത സാങ്കേതികോല്പാദന രീതികളുടെ ഫലങ്ങൾ പഠിക്കുക, പൊതുവിജ്ഞാന വ്യാപനത്തിനായി ഫലപ്രദമായ സാങ്കേതിക വിദ്യകൾ കൈമാറുകയും അവയുടെ തുടർന്നുള്ള ഉപയോഗവും നടത്തിപ്പും പ്രോത്സാഹിപ്പിക്കുക എന്നിവയാണ് സ്ഥാപന-ഗ്രാമ-ബന്ധിത-പരിപാടി കൊണ്ട് യഥാർത്ഥമായും ഉദ്ദേശിക്കുന്നത്.

ആദ്യപടിയായി തീരദേശ കാർഷിക പരിസ്ഥിതി വിലയിരുത്തുന്നതിനായി പങ്കാളിത്ത ഗ്രാമ പഠന (Participatory Rural Appraisal) മാതൃകയാണ് ഉപയോഗിച്ചത്. ഗ്രാമങ്ങളിലൂടെയുള്ള പഠന പര്യടനവും പ്രായമേറിയതും, വിദഗ്ദ്ധരുമായ കർഷക



*കർഷക പ്രതിനിധികളുമായി അഭിമുഖം*

പ്രതിനിധികളുമായി അഭിമുഖം, വിഭവങ്ങളുടെ ഉല്പാദന ബന്ധങ്ങൾ സംബന്ധിച്ച വിശദപഠനവും മറ്റും പങ്കാളിത്ത ഗ്രാമ പഠനത്തിന്റെ വിവിധ ഭാഗങ്ങളായിരുന്നു. വിവിധ ഉല്പാദന സമ്പ്രദായങ്ങളുടെ പ്രശ്നങ്ങളും അവയുടെ കാരണങ്ങളും പഠിക്കുകയുണ്ടായി. പ്രശ്നങ്ങളെയും, കാരണങ്ങളെയും സാമൂഹ്യ സാമ്പത്തികവും ജൈവ ശാസ്ത്ര തലത്തിലും, വിശകലനം ചെയ്തു. ഈ പഠനങ്ങളുടെയെല്ലാം പശ്ചാത്തലത്തിൽ അഞ്ച് വിവിധങ്ങളായ സൂക്ഷ്മതല കാർഷികാവസ്ഥ മനസ്സിലാക്കി ഇതിന്റെ അടിസ്ഥാനത്തിലാണ് ശാസ്ത്രീയ കാർഷിക വിദ്യ എങ്ങനെ നടപ്പിലാക്കണം എന്നത് സംബന്ധിച്ച് കരട് രേഖ തയ്യാറാക്കുന്നത്.

രണ്ടു ഘട്ടങ്ങളിലായി ആകെ 32 'സാങ്കേതിക ഇടപെടലുകളാണ്' കർഷക പങ്കാളിത്തത്തോടെ എളങ്കുന്നപ്പുഴ ഗ്രാമത്തിൽ നടപ്പിലാക്കിയത്. ഇതിൽ ആദ്യഘട്ടത്തിൽ 17 എണ്ണം പൂർത്തിയാക്കുകയും രണ്ടാം ഘട്ടത്തിൽ ആകെ നടപ്പിലാക്കിയ 15 പദ്ധതികളിൽ 10 എണ്ണവും പൂർത്തിയാക്കി. പ്രസ്തുത പദ്ധതികളിൽ 14 എണ്ണം മത്സ്യമേഖലയുമായി 6 എണ്ണം മൃഗസംരക്ഷണ മേഖലയുമായും മറ്റ് 12 എണ്ണം കാർഷിക മേഖലയുമായും ബന്ധപ്പെട്ടതാണ്. പ്രസ്തുത പദ്ധതികൾ സാമ്പത്തികവും ജൈവ തല മാനദണ്ഡങ്ങളും വച്ച് അളക്കുകയും ചെയ്തു. ഈ മാനദണ്ഡങ്ങൾ പ്രകാരം വിജയപ്രദമെന്ന് തോന്നിയതും മറ്റൊരു തീരദേശ കാർഷിക പരിസ്ഥിതിയിൽ അനുവർത്തിക്കാവുന്നതുമായ ഇടപെടലുകളെക്കുറിച്ചുള്ള ഒരു സംക്ഷിപ്ത രൂപം കർഷകർ നൽകുകയുണ്ടായി.

പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്ത ആറ് സാങ്കേതിക ഇടപെടലുകൾ 2004 മെയ് – ജൂൺ മാസങ്ങളിൽ ആരംഭിച്ചു. മത്സ്യമേഖലയിൽ രണ്ടും, മൃഗസംരക്ഷണ മേഖലയിൽ നാലും ഇടപെടലുകളാണ് നടപ്പാക്കുന്നത്. മുൻ കാലങ്ങളിലെ പദ്ധതികളിൽ നിന്നും ലഭ്യമായ അനുഭവജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ മൂന്നാം ഘട്ട ഇടപെടലുകൾ മറ്റു ഗ്രാമപ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അതുപ്രകാരം വൈപ്പിൻ ദ്വീപിലെ, ഞാറക്കൽ, നായരമ്പലം, എടവനക്കാട്, കുഴിപ്പിള്ളി, പള്ളിപ്പുറം തുടങ്ങിയ പ്രദേശങ്ങളും പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തി പ്രവർത്തനം നടക്കുന്നു. കർഷകർക്ക് വേണ്ടി നടത്തിയ പരിശീലന പിരിപാടികൾ ഇത്തരം സാങ്കേതിക വിദ്യകളെ കുറിച്ച് അവഗാഹമായ അറിവ് പ്രദാനം ചെയ്യുന്നതിനുപകരിച്ചു. ഒരു നീണ്ട കാലയളവിൽ വിവിധങ്ങളായ വേദികളിൽ നടത്തിയ പ്രസ്തുത പരിശീലന പരിപാടികൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി ഇത്തരമൊരു ശ്രമം ഉപയുക്തമാകുമെന്ന് പ്രതീക്ഷിക്കുന്നു. വ്യത്യസ്തങ്ങളായ പതിനഞ്ച് പരിശീലന പരിപാടികളിലായി ആകെ 576 കർഷകർ പങ്കെടുക്കുകയുണ്ടായി. ഇതിൽ 318 സ്ത്രീകളും, 258 പുരുഷൻമാരും ഉണ്ടായിരുന്നു. ആദ്യവർഷത്തിൽ (2001–2002) ആറ് പരിശീലന പരിപാടിയും രണ്ടാം ഘട്ടത്തിൽ (2002–2003) ഒൻപത് പരിപാടികളും സംഘടിപ്പിക്കുകയുണ്ടായി. ☸



ഐ.വി.എൽ.പി. പദ്ധതിനടപ്പാക്കുന്ന എളങ്കുന്നപ്പുഴ ഗ്രാമത്തിന്റെ ഒരു വിദൂര ദൃശ്യം